**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1208** **27-07-2021 - ൽ മറുപടിയ്ക്ക്**

**റോഡ് സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കെ. പി. എ. മജീദ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡുകളോട് ചേർന്നുള്ള നടപ്പാതകൾ കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുംവിധം കയ്യേറി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | യാത്രാസ്വാതന്ത്ര്യം തടയുന്ന ഇത്തരം നടപടികൾക്കെതിരെ മോട്ടോർ വാഹനവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | വാഹനങ്ങളുടെ അനധികൃത പാർക്കിംഗിനെതിരെ വിവിധ വകുപ്പുകളോടൊപ്പം മോട്ടോർ വാഹന വകുപ്പും നടപടികൾ സ്വീകരിച്ചു വരുന്നു. 2021 ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിൽ ആകെ 9327 കേസുകളിലായി 20,43,250/- രൂപ പിഴ ഈടാക്കുകയും W.P.(C) 11886/2021 നമ്പർ കേസിൽ ബഹു.ഹൈക്കോടതിയുടെ 08.06.2021 തീയതിയിലെ ഉത്തരവ് പ്രകാരം 2021 ജൂൺ 17 മുതൽ 20 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതുൾപ്പെടെ യുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചിരുന്നു. പ്രസ്തുത നടപടികൾ തുടർന്നുവരികയാണ്. |
| (സി) | ഡ്രൈവറുടെ കാഴ്ച മറയ്ക്കും വിധം സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ കണ്ടെത്തി മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഡ്രൈവറുടെ കാഴ്ച മറയ്ക്കുന്ന തരത്തിൽ പൊതുനിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ കണ്ടെത്തി ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ആയവ നീക്കം ചെയ്യുന്നതിന് ഡിസ്ട്രിക്റ്റ് റോഡ് സേഫ്റ്റി കൗൺസിലുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ആയതിന്റെ തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ